Draft #1 of File 9997/AD B8/2/2020/AD B 8 Approved by ASSISTANT REGISTRAR V (ADMIN) on 16-Mar-2020 02:14 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വകുപ്പ്തല വാങ്ങലുകൾക്ക് പഠന വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ Buyer ആയും,വകുപ്പ് മേധാവി, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർസ് എന്നിവരെ പേയ്മെന്റ് അതോറിറ്റിയായും GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്:- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം ബി 8 സെക്ഷൻ**

നമ്പർ. 1584/AD B 8/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.03.2020

---

*പരാമർശം:*-1) G.O. No: 2/2018/SPD dated 27/03/2018
2) U.O. No: 6346/AD B8/2019/MGU dated 11/12/2019
3) U.O. No: 3781/ P&D /2019/MGU dated 03/08/2019,

**ഉത്തരവ്**

ഗവൺമെന്റ് ഓഫ് ഇൻഡ്യ നടപ്പിലാക്കിയ Government e-Market place (GeM) പരാമർശം (1) പ്രകാരം കേരള ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കുവാൻ ഉത്തരവായിട്ടുണ്ട്. സർവകലാശാലയിൽ ജെ ആർ I, ജെ ആർ III (ഭരണം) എന്നിവരെ Buyers ആയും, പേയ്മെന്റ് അതോറിറ്റിയായി ഫിനാൻസ് ഓഫീസറെയും പരാമർശം (2) പ്രകാരം GeM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ സർവകലാശാലാ പഠന വകുപ്പുകൾക്കും കേന്ദ്രീകൃത പ്രോജക്റ്റിൽ ഉൾപ്പെട്ട DST-PURSE പോലെയുള്ള പ്രോഗ്രാമുകൾക്കും, പുറമേനിന്ന് ഫണ്ട് ലഭിക്കുന്ന പ്രോജക്റ്റുകൾക്കും പണം അനുവദിക്കുമ്പോൾ വാങ്ങലുകൾ നടത്തുവാൻ സർവകലാശാല സംവിധാനത്തെ ആശ്രയിക്കുന്നതിനാൽ, കാലതാമസം ഉണ്ടാകുന്നു.

ഈ സാഹചര്യത്തിൽ, വകുപ്പ്തല വാങ്ങലുകൾക്ക് പഠന വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ Buyer ആയും, വകുപ്പ് മേധാവി, പുറമേനിന്ന് ഫണ്ട് ലഭിക്കുന്ന പ്രോജക്റ്റുകളിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർസ് എന്നിവരെ പേയ്മെന്റ് അതോറിറ്റിയായും GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാൻ ബഹു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. കൂടാതെ വകുപ്പ്തല വാങ്ങലുകൾക്ക് ആവശ്യമായ ഭരണാനുമതി ലഭ്യമായ ശേഷം തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

GeM മുഖേന വാങ്ങൽ ആവശ്യമുള്ള വകുപ്പുകളിലെ മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ ആധാർ നമ്പർ, ആധാർ ലിങ്ക് ചെയ്യപ്പെട്ട നിലവിൽ ആക്ടീവ് ആയ മൊബൈൽ നമ്പർ എന്നിവ AdB8 സെക്ഷനിൽ ലഭ്യമാക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പോൾ വർഗീസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ / വകുപ്പ് മേധാവികൾ

2) രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ

3)ജെ ആർ I, / II / III

4)സർവകലാശാല എഞ്ചിനീയർ/ എസ്റ്റേറ്റ് ഓഫീസർ

5) പി & ഡി I/ II / III സെക്ഷനുകൾ

6)എ സി സി / ഫിനാൻസ് IV / ഓഡിറ്റ് V / അക്കൗണ്ട്സ് V /

7)ജനറൽ ക്യാഷ്/ റെക്കോർഡ്സ് / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ /ജനറൽ സ്റ്റോർസ്

8)ജോ. ഡയറക്ടർ,കെ എസ് എ ഡി, എം ജി സർവകലാശാല കാര്യാലയം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 9997/AD B8/2/2020/AD B 8 Approved by ASSISTANT REGISTRAR V (ADMIN) on 16-Mar-2020 02:14 PM - Page 2